Reg. No. : ....................................

Name : ..........................................

**Code No. 2002**

**SECOND YEAR**
**SAY/IMPROVEMENT**
**JUNE 2018**

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

Part – II

# മലയാളം
# (MALAYALAM)

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന്. 2 സ്കോർ വിതം)** **(6 × 2 = 12)**

1. താഴെ കൊടുത്തവയിൽനിന്ന് 'മോഷണം' എന്ന കവിതയ്ക്കു ചേരുന്ന രണ്ടു വിശേഷണങ്ങൾ എടുത്തെഴുതുക.
   - ആക്ഷേപഹാസ്യ പ്രധാനമായ കവിത
   - മാജിക്കൽ റിയലിസത്തിനു പ്രാധാന്യമുള്ള കവിത
   - കാല്പനിക കവിത
   - വാക്കുകൾ കൊണ്ടു രചിച്ച കാർട്ടൂൺ

2. 'ദൈവദശക'ത്തിൽ ദൈവത്തെ വിശേഷിപ്പിക്കാൻ നാവികൻ എന്ന പദം തന്നെ ശ്രീനാരായണ ഗുരു തെരഞ്ഞെടുത്തത് എന്തുകൊണ്ടാവാം ?

3. തണുത്തുറഞ്ഞ യമുനോത്രി ഊഷ്മളമാണെന്ന് ലേഖകൻ നിരീക്ഷിക്കാനുള്ള കാരണം താഴെ കൊടുത്തവയിൽ ഏത്?

- ശൈത്യകാലത്ത് പൂജ്യം ഡിഗ്രിയിലും താഴെയാകും താപനില എന്നതിനാൽ
- തീർത്ഥാടന കേന്ദ്രമായതിനാൽ
- ഉഷ്ണജല പ്രവാഹങ്ങൾ ധാരാളമുള്ളതിനാൽ
- അവിടേക്കെത്തിച്ചേരാൻ ക്ലേശങ്ങൾ സഹിക്കേണ്ടതിനാൽ

4. മറ്റുള്ളവരെ കുറ്റം പറയുന്നതിൽ സന്തോഷം കണ്ടെത്തുന്നവരെ കുറിക്കാൻ എഴുത്തച്ഛൻ പ്രയോഗിക്കുന്ന ബിംബം താഴെ കൊടുത്തവയിൽ ഏത്?

- ക്രുദ്ധനായ സർപ്പം
- കോകിലനാരി
- പാംസു സ്നാനം ചെയ്യുന്ന ആന
- വെള്ളം നീക്കി പാൽ മാത്രം കുടിക്കുന്ന അരയന്നം

5. "കുറവു പറഞ്ഞു നശിപ്പിക്കുന്നു
കുറവറ്റീടിന മുനികുല നാഥൻ"

വൃദ്ധനും രോഗിയും ദുസ്വഭാവിയുമായ ഭർത്താവിനെ കുറവൊന്നുമില്ലാത്തവൻ എന്ന് ശീലാവതി വിശേഷിപ്പിച്ചത് എന്തുകൊണ്ടാവാം ?

6. "അടുത്ത നിമിഷം അയാൾ സ്വയം തിരുത്തി. ഇത്തരം ഊഹാപോഹങ്ങൾക്ക് എന്തു പ്രസക്തി ? നാടും വീടുമെല്ലാം മേൽവിലാസങ്ങളിൽ നിന്നു മാഞ്ഞുപോകുമ്പോൾ ...."

അടിവരയിട്ട ഭാഗം സൈബർ ലോകത്തെ കുറിച്ചുള്ള എന്തു വിമർശനമാണ് മുന്നോട്ടു വയ്ക്കുന്നത്?

7. 'കേശിനിമൊഴി' എന്ന ആട്ടക്കഥാ ഭാഗത്തിന്റെ രംഗാവതരണത്തിൽ പ്രസക്തമാകുന്നത് താഴെ കൊടുത്ത പ്രസ്താവനകളിൽ ഏത് ?

- രണ്ട് പച്ചവേഷങ്ങളാണ് രംഗത്തുണ്ടാവുക.
- ഒരു പച്ചവേഷവും ഒരു കത്തിവേഷവുമാണ് രംഗത്തുണ്ടാവുക.
- രണ്ടു മിനുക്കുവേഷങ്ങളാണ് രംഗത്തുണ്ടാവുക.
- ഒരു പച്ചവേഷവും ഒരു മിനുക്കുവേഷവുമാണ് രംഗത്തുണ്ടാവുക.

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. (8 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന്. 4 സ്കോർ വീതം)** **(7 × 4 = 28)**

8. 'ആഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിലെ അടിച്ചുതളിക്കാരി മറ്റു കഥാപാത്രങ്ങളിൽനിന്നു വ്യത്യസ്തയാകുന്നത് എങ്ങനെ ?

9. "നമ്മുടെ രാജ്യത്തിന്റെ അതിർത്തികൾ കാത്തു രക്ഷിക്കുന്ന ഭടന്മാരുടെ സേവന വ്യഗ്രതയും സഹന ശക്തിയും സ്ഥൈര്യവും ത്യാഗബുദ്ധിയും ഓർത്തു ഞാൻ അഭിമാന പുളകിതനായി."

ഇങ്ങനെ പറയാൻ എസ്. കെ. പൊറ്റെക്കാടിനെ പ്രേരിപ്പിച്ച അനുഭവം എന്തായിരുന്നു ?

10. കുട്ടികളുടെ മാന്ത്രികമായ ഭാവന മാഡ്രിഡ് നഗരത്തെ കീഴ്പ്പെടുത്തുന്നത് കഥാകൃത്ത് എങ്ങനെയാണ് വർണ്ണിച്ചിട്ടുള്ളത് ?

11. മനസ്സറിയാനുള്ള കഴിവാണ് ഒരു ദൂതിക്കുണ്ടായിരിക്കേണ്ട പ്രധാന യോഗ്യത. ബാഹുകന്റെയും ദമയന്തിയുടെയും മനസ്സറിയാൻ കേശിനിക്ക് എത്രമാത്രം കഴിയുന്നുണ്ട്? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

12. മനുഷ്യബന്ധങ്ങളെ ബാധിക്കുന്ന കാപട്യത്തിനു നേർക്കുള്ള വിമർശനം 'ഗൗളിജന്മം' എന്ന കഥയിലുണ്ട്.

– കഥയിലെ ഏതെങ്കിലുമൊരു സന്ദർഭം മുൻനിർത്തി ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

13. "സച്ചിനില്ലാത്ത ക്രിക്കറ്റിനെക്കുറിച്ച് എനിക്ക് ആലോചിക്കാനാവും. പക്ഷേ ക്രിക്കറ്റില്ലാത്ത സച്ചിനെക്കുറിച്ച് ചിന്തിക്കാനാവില്ല."

ഈ നിരീക്ഷണത്തിൽ തെളിയുന്ന, ക്രിക്കറ്റിനോടുള്ള സച്ചിന്റെ മനോഭാവം എങ്ങനെയുള്ളതാണ് ? വിശദമാക്കുക.

14. "ചക്കരവാക്ക് പറഞ്ഞിട്ടെന്നെ
ചക്കിനു പൂട്ടാൻ നോക്കണ്ടാ
സംഗതി ഒന്നും കൂടാതിളി-
ഞ്ഞിങ്ങനെ വന്ന് ഇരിക്കണ്ട"

"വിണ്ടതുകൊണ്ടെന്റെ കേരളത്തിൽവന്ന നാശം
വിള്ളിടുവാൻ മാത്രമേയുള്ളു എനിക്കുദ്ദേശം
കുണ്ടിടിഞ്ഞ് ആളപായം വന്ന് അട്ടപ്പാടി
കുറ്റവാൻ കുറ്റാടിയും ജുവൽ ഉതിർന്ന് പാടി"

പുലിക്കോട്ടിൽ ഹൈദറിന്റെ രണ്ടു ഗാന ശകലങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഇവയെ മുൻനിർത്തി ഹൈദറിന്റെ രചനാരീതിയുടെ ഏതെങ്കിലും രണ്ടു സവിശേഷതകൾ ഉദാഹരണസഹിതം എഴുതുക.

15. "ഇതാ ഈ പടമാണ് ഞങ്ങൾ തിരഞ്ഞുകൊണ്ടിരുന്നത് " – ഏങ്ങലടികൾക്കിടയിലൂടെ അവർ പറഞ്ഞു.

ഈ വാക്യത്തിന് കഥാസന്ദർഭത്തിലുള്ള പ്രാധാന്യം എന്ത്? വിശദമാക്കുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (16 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന്. 6 സ്കോർ വീതം)** **(3 × 6 = 18)**

16. സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ ആശംസാ പ്രസംഗം നടത്തേണ്ട ചുമതല നിങ്ങൾക്കാണ്. ആ ചടങ്ങിലേക്കായി എല്ലാ കലകളും എല്ലാ കേരളിയരുടേതുമാണ് എന്ന ആശയം മുൻനിർത്തി ഒരു പ്രഭാഷണം തയ്യാറാക്കുക.

17. കവിതയെക്കുറിച്ചുള്ള പൊതു സങ്കല്പങ്ങളിൽനിന്ന് ഉള്ളടക്കത്തിലും അവതരണ രീതിയിലും 'തേങ്ങ' എങ്ങനെയെല്ലാമാണ് വ്യത്യസ്തമാകുന്നത്?

18. 'കുല നാരിക്കരുത് കോപം പോൽ'

സ്ത്രീയെക്കുറിച്ചുള്ള ഇത്തരം യാഥാസ്ഥിതികമായ ധാരണകളെ എഴുത്തച്ഛന്റെ ശകുന്തള എങ്ങനെയാണ് തിരുത്തിക്കുറിക്കുന്നത്? വിശദമാക്കുക.

19. 'അവകാശങ്ങളുടെ പ്രശ്ന'ത്തിലെ രാപ്പകലില്ലാതെ ഉണർന്നിരിക്കുന്ന വിപണി സമകാല യാഥാർത്ഥ്യങ്ങളെ എത്രമാത്രം പ്രതിഫലിപ്പിക്കുന്നു ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

20 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് കവിത വായിച്ച് ഉത്തരമെഴുതുക. 2 സ്കോർ വീതം. (3 × 2 = 6)

കാക്ക തീരെക്കറുത്തതാ, ണാകൃതി
കാമ്യമല്ല, നടപ്പും മുഷിപ്പനാം
കർണ്ണശൂലമാമൊച്ചയു മക്കള്ള-
ക്കണ്ണുമൊക്കെയുമുണ്ടെന്നിരിക്കിലും
ഏതു നിന്ദ്യമാം വസ്തുവും കൈവിടാ-
താദരം പൂണ്ടു ഭക്ഷിക്കുമെങ്കിലും
അന്യരേയും വിളിച്ചു ചേർത്തല്ലാതെ-
യൊന്നുമൊറ്റക്കു ഭക്ഷിക്കയില്ലവൻ
കേവലം പരദുഃഖത്തിൽ വാവിട്ടു
കേണിടുമവൻ ഉള്ളഴിഞ്ഞങ്ങനെ
അദ്ഭുതം, ഒരു തിര്യക്കിനോടൊപ്പ-
മെത്തുവാനെത്ര പോകണം മാനവൻ !

(അദ്ഭുതം – വി. വി. കെ. വാലത്ത്)

20. കാക്കയോട് ഒറ്റനോട്ടത്തിൽ ആകർഷണം തോന്നാതിരിക്കാൻ എന്തെല്ലാം കാരണങ്ങളാണ് കവി നിരത്തുന്നത് ?

21. മനുഷ്യനില്ലാത്ത എന്തെല്ലാം മേന്മകളാണ് കാക്കയ്ക്കുള്ളത് ?

22. മാനവ സംസ്കാരത്തോട് കവിയ്ക്കുള്ള വിമർശനം എന്ത്?

ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (23 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന്. 8 സ്കോർ വീതം) (2 × 8 = 16)

23. അടിച്ചമർത്തപ്പെടുന്ന ജനതയുടെ ശബ്ദമാണ് 'കിരാതവൃത്ത'ത്തിൽ മുഴങ്ങിക്കേൾക്കുന്നത്. കാട്ടാളനു നേരിട്ട അനുഭവങ്ങളെ മുൻനിർത്തി ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.

24. മോഷണം, തേങ്ങ, ഗൗളിജന്മം എന്നീ പാഠഭാഗങ്ങളിൽ ഹാസ്യം ഒരേ തരത്തിലല്ല പ്രയോഗിച്ചിട്ടുള്ളത്. ഹാസ്യത്തിന്റെ എന്തെല്ലാം സാധ്യതകളാണ് ഈ രചനകളിൽ പ്രകടമാവുന്നത്? വിശകലനം ചെയ്ത് ഉപന്യസിക്കുക.

25. 'നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും' എന്ന പാഠഭാഗത്തിലെ ആശയങ്ങളുടെ മറുപുറമാണോ 'കയ്യൊപ്പില്ലാത്ത സന്ദേശ'ത്തിലെ ശ്രീധരന്റെ അനുഭവങ്ങളിലുള്ളത്? രണ്ടു പാഠഭാഗങ്ങളേയും മുൻനിർത്തി നവമാധ്യമങ്ങളുടെ സാധ്യതയേയും പരിമിതിയേയും കുറിച്ച് ഉപന്യാസം തയ്യാറാക്കുക.